Draft #4 of File 25507/PD 6 ASST./2019/PD 6 Approved by ASSISTANT REGISTRAR I (EXAM) on 12-Jun-2020 02:22 PM - Page 1

150 YEARS OF CELEBRATING THE MAHATMA

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

ബിരുദ സർട്ടിഫിക്കറ്റിൻറെ അപേക്ഷാർഥിക്കായുള്ള ഇൻസ്ട്രക്ഷനിൽ ഒരു നിബന്ധന കൂടി ചേർക്കുന്നത് സംബന്ധിച്ച് സിൻഡിക്കേറ്റ് തീരുമാനം അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പരീക്ഷ വിഭാഗം പി.ഡി 6 സെക്ഷൻ**

നമ്പർ. 2535/PD 6/2020/എം.ജി.യു  പ്രിയദർശിനി ഹിൽസ്,തീയതി: 12.06.2020

---

*പരാമർശം:*-1. 30.12.2019 തീയതിയായി പരീക്ഷാ വിഭാഗത്തിൽ നിന്നും നൽകിയ കുറിപ്പ് നമ്പർ 25507/PD6/ASST/2019/PD

2. 2020 മെയ് 26-ാം തീയതി കൂടിയ സിൻഡിക്കേറ്റ് യോഗത്തിൻറെ മിനിറ്റ്സ് ഇനം നമ്പർ 78/20.02/25507/PD6/SST./2019

**<u>ഉത്തരവ്</u>**

ബിരുദസർട്ടിഫിക്കറ്റിന് അപേക്ഷിക്കുന്ന വിദ്യാർത്ഥികൾ ഇംപ്രൂവ്മെൻറ്/പുനർമൂല്യനിർണ്ണയം/ഗ്രേസ്മാർക്ക് എന്നിവയുടെ നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്നതിന് മുൻപ് തന്നെ സർട്ടിഫിക്കറ്റിനായി അപേക്ഷ സമർപ്പിക്കുന്ന നിലവിലെ സാഹചര്യത്തിൽ ഇവയുടെ നടപടിക്രമങ്ങൾ പൂർത്തീകരിച്ച ശേഷം നിലവിലുള്ള CCPA/CGPA ഗ്രേഡിൽ വ്യതിയാനം ഉണ്ടായാൽ, തുച്ഛമായ ഫീസിൽ ആദ്യം നൽകിയ സർട്ടിഫിക്കറ്റ് റദ്ദ് ചെയ്ത് പുതിയ സർട്ടിഫിക്കറ്റ് നൽകേണ്ടതായി വരുന്നു. അമിതജോലിഭാരത്തിനും സമയനഷ്ടത്തിനും ഇത് കാരണമാകുന്നതിനാൽ ഇംപ്രൂവ്മെൻറ്/പുനർമൂല്യനിർണ്ണയം/ഗ്രേസ്മാർക്ക് എന്നിവയുടെ നടപടിക്രമങ്ങൾ പൂർത്തിയായതിന് ശേഷം മാത്രമേ വിദ്യാർത്ഥികൾ ബിരുദസർട്ടിഫിക്കറ്റിന് അപേക്ഷിക്കാവൂ എന്ന നിബന്ധന കൂടി ബിരുദ സർട്ടിഫിക്കറ്റിൻറെ അപേക്ഷാഫോമിലെ ഇൻസ്ട്രക്ഷനിൽ ഉൾപ്പെടുത്തേണ്ടതാണ് എന്ന് ചൂണ്ടിക്കാട്ടി പരാമർശം 1 പ്രകാരം കുറിപ്പ് നൽകുകയും; ബഹു: വൈസ്ചാൻസലറുടെ 15/11/2019-ലെ ഉത്തരവിൻ പ്രകാരം ടി വിഷയം സിൻഡിക്കേറ്റിൻറെ പരിഗണനയ്ക്കായി സമർപ്പിക്കുകയുണ്ടായി.

2020 മെയ് 26-ന് കൂടിയ സിൻഡിക്കേറ്റ് യോഗം, സൂചന 2 പ്രകാരം ഇംപ്രൂവ്മെൻറ്/ പുനർമൂല്യനിർണയം/ഗ്രേസ്മാർക്ക് എന്നിവയ്ക്കായി അപേക്ഷ സമർപ്പിച്ചിട്ടുണ്ടെങ്കിൽ അവയുടെ ഫലം വരുന്നതിന് മുമ്പ് ബിരുദ സർട്ടിഫിക്കറ്റിനായി അപേക്ഷ സമർപ്പിക്കുന്ന പക്ഷം അതിൻറെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന ബിരുദസർട്ടിഫിക്കറ്റ് പിന്നീട് റദ്ദാക്കി പുതിയ സർട്ടിഫിക്കറ്റ് തയ്യാറാക്കുന്നതിന് 1000/- (ആയിരം രൂപ മാത്രം) ഫീസായി ഈടാക്കുന്നതിനും അത് ഇൻസ്ട്രക്ഷൻസിൽ ഉൾപ്പെടുത്തുന്നതിനും തീരുമാനിച്ചു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

സുജ എസ്

അസിസ്റ്റന്റ് രജിസ്ട്രാർ 1 (പരീക്ഷ)

പരീക്ഷ കൺട്രോളർക്കു വേണ്ടി

പകർപ്പ്

1. എല്ലാ സെക്ഷനുകൾ/സെൻററുകൾ/സ്കൂളുകൾ
2. വൈസ് ചാൻസലറുടെ/പ്രോവൈസ്ചാൻസലറുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ/കൺട്രോളർ ഓഫ് എക്സാമിനേഷൻസ്/ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ.മാർ
4. ജോയിൻറ് രജിസ്ട്രാർ/ഡെപ്യൂട്ടി രജിസ്ട്രാർ/അസിസ്റ്റൻറ് രജിസ്ട്രാർ (ഭരണവിഭാഗം/പരീക്ഷാവിഭാഗം/അക്കാദമികവിഭാഗം/ധനകാര്യ വിഭാഗം)
5. പബ്ലിക്ക് റിലേഷൻസ് ഓഫീസർ/കണ്ടൻറ് മാനേജ്മെൻറ്സെക്ഷൻ
6. സിറ്റാഡ്/സീറ്റെക്സ്
7. സ്റ്റോക്ക് ഫയൽ/ഫയൽകോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #4 of File 25507/PD 6 ASST./2019/PD 6 Approved by ASSISTANT REGISTRAR I (EXAM) on 12-Jun-2020 02:22 PM - Page 2